# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.47** **26.09.2016-ലെ മറുപടിയ്ക്ക്**

## സുസ്ഥിര വികസനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) ഈ സർക്കാരിന്റെ നൂറുദിവസംകൊണ്ട് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് ഉതകുന്ന പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ; | (എ) ഉണ്ട്, വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) 2016-17 ലെ ഭേദഗതി പത്രികയിൽ മേൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതികൾക്ക് ടോക്കൺ തുക വകയിരുത്തിയിട്ടുള്ളത് ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ്. ഇതിനുവേണ്ടിവരുന്ന അധിക വിഹിതം മുൻഗണനാ ക്രമത്തിൽ നിലവിലെ വിഹിതങ്ങളുടെ പുനർ ക്രമീകരണങ്ങളിലൂടെ കണ്ടെത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

- അടിസ്ഥാന സൗകര്യവികസനത്തനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കിഫ്ബി) വഴി 50000 കോടി
- സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി
- ജനസൗഹാർദ്ദ സർക്കാർ ആസ്പത്രികൾ (ആർദ്രം മിഷൻ)
- സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി
- ഹരിത കേരളം മിഷൻ
- സമഗ്ര ആരോഗ്യ സംരക്ഷണ സ്കീം
- കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിന് പ്രത്യേക പദ്ധതി
- വാട്ടർ മെട്രോപദ്ധതി, ഉൾനാടൻ ജലഗതാഗത വികസനം.
- കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിയാക്കൽ
- പൂട്ടി കിടന്ന കശുവണ്ടി ഫാക്ടറികൾ തുറക്കൽ
- സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനം പദ്ധതി
- ഖാദിഗ്രാമങ്ങൾ സ്ഥാപിക്കൽ
- മുഴുവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കാൻ കർമ്മ പദ്ധതി
- അശരണ സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതി
- 4500 പട്ടികജാതി കുടുംബങ്ങൾക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി
- സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം.
- തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കൽ
- 2,028 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ
- കേരള കാർഷിക വിപണന പദ്ധതി
- പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും
- പത്തനംതിട്ട, ആലപ്പുഴ, തൃശൂർ ജില്ലകളിൽ 25 ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ
- സ്റ്റാർട്ട് അപ്പ് സൗരംഭങ്ങൾക്ക് 150 കോടി
- ശബരിമലയിൽ കൂടുതൽ സൗകര്യങ്ങൾ. 26 റോഡുകളുടെ അറ്റകുറ്റപ്പണിക്ക് 88 കോടി
- മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക നടപടി
- പരമ്പരാഗത വിത്തു സംരക്ഷണത്തിന് വിത്തുബാങ്ക് സ്ഥാപിക്കും
- റീജീയണൽ ഫാം ഫെസിലിറ്റേഷൻ സെന്റർ
- സംയോജിത കാർഷിക കേന്ദ്രം
- കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

Sgd/-
സെക്ഷൻ ഓഫീസർ